**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2550** **02-08-2021 - ൽ മറുപടിയ്ക്ക്**

**പ്ലസ് വൺ തലത്തിൽ പുതുതലമുറ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പ്ലസ് വൺ തലത്തിൽ പുതുതലമുറ കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ? | (എ) | 2018 മുതൽ കേരളത്തിലെ വി.എച്ച്.എസ്.എസ് സ്കൂളുകളിൽ ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂട് (NSQF) അധിഷ്ഠിതമായ നൈപുണ്യ വികസന കോഴ്സുകളാണ് പരിശീലിപ്പിക്കുന്നത്. 2020-21 വർഷം മുതൽ എല്ലാ വി.എച്ച്.എസ്.എസ് സ്കൂളുകളിലും ആരംഭിച്ച പുതിയ 46 ജോബ് റോൾ കോഴ്സുകളിൽ പലതും ആധുനിക നൈപുണ്യ ശ്രേണിയിലുള്ള പുതു തലമുറ കോഴ്സുകളാണ്. കാലികമായ മാറ്റങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കൂടുതൽ പുതുതലമുറ കോഴ്സുകൾ തൊഴിൽ പഠനത്തിൽ ആവിഷ്കരിക്കാനാണ് NSQF അധിഷ്ഠിത കോഴ്സുകളിലൂടെ നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ